കൾ എന്നിവരുടെ കുടുംബങ്ങളിലെ തൊഴിൽ രഹിതരായ ചെറുപ്പക്കാർ-മേൽ ഒന്നാം ഇനം കഴിച്ച് ബാക്കിയുള്ളതിന്റെ 10 ശതമാനം.

6. 10.5.71 നു മുൻപ് സ്വകാര്യവനങ്ങളിലോ, സ്വകാര്യവനങ്ങളു മായി ബന്ധപ്പെട്ടോ ജോലി ചെയ്തുകിട്ടുന്ന വേതനം മുഖ്യ ഉപജീവനമാർഗ്ഗ മായിരുന്ന കർഷകരുടെയും കർഷകത്തൊഴിലാളികളുടെയും കുടുംബങ്ങളു മായി ബന്ധപ്പെട്ടവരും കൃഷി ഉപജീവനമാർഗ്ഗമായി സ്വീകരിക്കുവാൻ സന്നദ്ധ രായിട്ടുള്ളവരുമായുള്ള തൊഴിലാളികൾ-മേൽ ഒന്നാം ഇനം കഴിച്ച് ബാക്കിയു ള്ളതിന്റെ 35 ശതമാനം.

ഇപ്രകാരമുള്ള ഭൂമി റവന്യൂ വകുപ്പിന് ഏൽപ്പിക്കുകയും റവന്യൂ വകുപ്പ് അർഹരായവർക്ക് ഇതു സംബന്ധമായ വ്യവസ്ഥകൾ പ്രകാരം പതിച്ചു നൽകുകയുമാണ് ചെയ്യുന്നത്.

(ഡി) കാർഷിക ആവശ്യങ്ങൾക്കുവേണ്ടി 8300 ഹെക്ടർ നിക്ഷിപ്ത വനഭൂമി ഇതുവരെ റവന്യൂ വകുപ്പിന് കൈമാറിയിട്ടുണ്ട്. ഇതു കൂടാതെ 12,000 ഏക്കർ നിക്ഷിപ്ത വനഭൂമി ഭൂരഹിത-പട്ടികവർഗ്ഗ കർഷകർക്ക് പതിച്ചു നൽകാൻ സർക്കാർ ഉദ്ദേശിക്കുന്നു.

(ഇ) ഇപ്രകാരം ഭൂമി നൽകുന്നതിന് കേന്ദ്ര സർക്കാരിന്റെ മുൻകൂട്ടി യുള്ള അനുമതി ആവശ്യമാണ്. ഈ അനുമതി കിട്ടുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

133 (1582) പാറശ്ശാല ഡിപ്പോയിൽനിന്നും നിറുത്തലാക്കിയ ദീർഘദൂര സർവ്വീസുകൾ

ശ്രീ. എൻ. സുന്ദരൻ നാടാർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും ഗതാഗതവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പാറശ്ശാല കെ.എസ്.ആർ.ടി.സി. ഡിപ്പോയിൽനിന്നും ഓപ്പറേറ്റ് ചെയ്തിരുന്ന ദീർഘദൂര സർവ്വീസുകളിൽ പലതും നിറുത്തലാക്കിയ വിവരം ഗവൺമെന്റിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) എങ്കിൽ നിറുത്തലാക്കിയ ഈ ദീർഘദൂര സർവ്വീസുകൾ പുന രാരംഭിക്കുവാൻ അടിയന്തിര നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ) ഉണ്ട്.

(ബി) എട്ടു ദീർഘദൂര സർവ്വീസുകൾ നിർത്തലാക്കിയതിൽ കളിയി ക്കവിള പീച്ചി ഡാം സർവ്വീസ് പുനസ്ഥാപിച്ചു. മറ്റുള്ളവയിൽ അന്തർസം സ്ഥാന സർവ്വീസുകൾ ഒഴിച്ചുള്ള നിശ്ചിത വരുമാനം ലഭിക്കാൻ സാദ്ധ്യതയി ല്ലാത്തതിനാൽ പുനരാരംഭിക്കാൻ നിർവ്വാഹമില്ല. അന്തർസംസ്ഥാന സർവ്വീസു കൾ, നിലവിലുള്ള അന്തർസംസ്ഥാന കരാറിൽ ഉൾപ്പെട്ടിട്ടില്ലാത്തതിനാൽ പുനരാരംഭിക്കാൻ സാധിക്കുകയില്ല.

134 (1583) പുതിയ ബസുകൾ

ശ്രീ. ചെർക്കളം അബ്ദുള്ള : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും ഗതാഗതവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

LIBRARY ARCHIVES Kerala Legislative Assembly